# നീലത്തുരത്ത്

ഷൂസിനടിയിൽ ഞെരിയുന്ന മണൽത്തരികൾ. പിന്നിൽവാതിൽതേങ്ങി.

കോണിത്തലപ്പിൽ തിരിഞ്ഞു ചിരിക്കുമ്പോൾ രണ്ടും കേട്ടില്ല. തന്റെ കൈകൊണ്ട് നെറ്റിയിലേയ്ക്കുതിർത്തിയിട്ട മുടിയിഴയിൽ പോലും ചിരി.
ചുണ്ടിൽനിന്നുപടർന്ന, കണ്ണിൽ നിന്നു പടർന്നചിരി.

നിമിഷങ്ങളുടെ ശൂന്യതയ്ക്കു ശേഷം ബാൽക്കണിക്കു താഴെ വീണ്ടും. വസൂരി കുത്തിവെച്ച പാടുകൾ നിഷ്കളങ്കമായി ചിരിക്കുന്ന കൈ ഉയർത്തി വീശിതിരിഞ്ഞു നിൽക്കുമ്പോൾ ഊറിക്കൂടിയ നനവിൽ ഇമകൾ പിടഞ്ഞു. ചിരിച്ചു. മറന്നതു പെട്ടെന്നു പിടി കിട്ടിയപോലെ. നിറം മങ്ങിത്തുടങ്ങിയിരുന്ന മൈലാഞ്ചി പുരണ്ട വായുവിൽ വേച്ചു.ആടി.സ്വയംനിന്നു.വീണു.

തൻകാര്യം നോക്കി പാഞ്ഞുപോയ കാറുകളുടെ പിന്നിൽ അലറിയുയർന്ന പൊടിക്കുള്ളിൽ ശ്വാസംമുട്ടി പിടയ്ക്കുന്ന ടൈയുടെ തുമ്പും ഉള്ളംകൈയിൽ മധുരമായപാടുകൾതീർത്ത,നോക്കിച്ചിരിച്ചു സ്വപ്നംകാണുകയും ആശ്വാസത്തോടെ മുറുകെ പിടിക്കുകയും ചെയ്ത മോതിരത്തിനു താഴെ ബാഗിന്റെ കീറിയ പിടിയും അവ്യക്തമായി.അവ്യക്തത ഉറക്കംപോലെ.ഇന്നലെകുടിച്ചമാർട്ടിനിപോലെ.

ഉറങ്ങിക്കഴിഞ്ഞിട്ടില്ലാത്ത ലഹരി രാവിന്റെ ഓർമ്മയുടെ നഖങ്ങൾക്കുനേരെ തറഞ്ഞുനിൽക്കുമ്പോൾ മാംസം മുന്നിലെ ഇരുമ്പിൽ പൂന്തി. മാഞ്ഞുതുടങ്ങിയ മൈലാഞ്ചിക്കുമീതെ രക്തം മുഖം ചുവപ്പിച്ചപ്പോൾ ആശ്വാസത്തിന്റെ പൊള്ളലിൽ കൈവലിച്ചെടുത്തു.

കറുപ്പു കട്ട പിടിച്ച വാതിൽപ്പൊളിക്കു വിലങ്ങനെ തിളങ്ങുന്ന അടക്കിച്ചിരിക്കുന്ന ഇരുമ്പുതണ്ട്. കൈ നീട്ടാതെ പോലും വലിച്ചു മാറ്റാം. വികാരമില്ലാതെ വെറുങ്ങലിച്ചു തൂങ്ങിക്കിടന്ന കൈയിലെ പിടഞ്ഞുയർന്ന ഞരമ്പകൾക്കു മീതെ അമർന്നു കിടന്ന ഉണ്ടെന്നു തോന്നിക്കാത്ത വിലങ്ങിൽ പേടിയോടെ, അറപ്പോടെ നോക്കി. കൈഅനക്കാൻ, ഒന്നനക്കാൻഎനിക്കുവയ്യ.

തലയ്ക്കു മീതെ ചുറ്റും വെളുപ്പെന്ന ശൂന്യത. പുറത്തെ വെളിച്ചത്തിലേക്കു പഴുതുകളില്ലാത്ത കഠിനഹൃദയരായ ചുമരുകൾക്കു മുകളിൽ ഉയർന്നുപോയ നോട്ടത്തിനറ്റത്തു പ്രകാശം വിതുമ്പി നിന്നു. ഇറങ്ങി വരാതെ. നനവു വറ്റാതെ കണ്ണുകൾ വാശി പിടിച്ചു ചുമരുകളുടെ നഗ്നതയിൽ കോറി വരയ്ക്കുമ്പോൾ ഇരുട്ട് ഉച്ഛ്വസിച്ച ദുർഗന്ധവായുവിൽശ്വാസംമുട്ടി.

ഒരു നാലഞ്ചു മണിക്കൂറല്ലെ വേണ്ടു ? അപ്പഴയ്ക്കും നിന്നിടത്തു നിന്നു സ്വപ്നം കണ്ടാലൊ. അത്ര നേരം കാണാണ്ടിരിക്കാൻവയ്യാണ്ടായോ ?''

ഏട്ത്തി. വലിഞ്ഞുനിന്ന പേശികൾ അയഞ്ഞു നിന്ന് അഭിനയം മുഴുവനാക്കുന്നതിനു മുൻപെ താടി പിടിച്ചുതിരിച്ചുനിർത്തി:

കരയ്വാ? ഛെ,എന്തുവിഡ്ഢിത്തമാണിഇത്?''

തിളങ്ങുന്ന പൂട്ടിൽ വെട്ടിനിർത്തിയ നഖങ്ങൾ കുത്തി വരഞ്ഞ വികാരങ്ങൾ യാതൊരു പോറലുമേൽപ്പിക്കാതെ നിന്നു. ചുമരുകളുടെ നഗ്നമായ വെളുപ്പിന്റെ നിർവ്വികാരതയിൽ മരണം ജീവിക്കാൻ തുടങ്ങിയിരുന്നു.

പുള്ളോവറിന്റെ മീതെ പതിഞ്ഞു കിടന്ന ചുവന്ന വിരലുകൾ അടർത്തി മാറ്റുമ്പോൾ മുഖം വീർപ്പിച്ച് ഉള്ളിൽ വഴുതി മാറുന്ന ചിരിയോടവൾ കേണു-- ഒന്നു മുഖം കാണിക്കൂ. മര്യാദയും കൈമോശം വന്നാൽ എന്തുണ്ട്എനിക്കബാക്കി.

ചിരി ദയവു കാട്ടാൻ തുടങ്ങുമ്പോൾ ഏടത്തിയമ്മയുടെ കണ്ണുകളിലെ പ്രകാശം ചതിച്ചു. നേർത്തു ചുകന്ന ചുണ്ടുകളിലെ കള്ളച്ചിരിക്കിരുപുറത്തും മയങ്ങി നിന്ന നുണക്കുഴികൾ. കളിയാക്കാനൊരുക്കിയ വാക്കുകൾ തലയ്ക്കു മീതെ, ടെറസ്സിനു മീതെ അലറിപ്പാഞ്ഞ വിമാനത്തിന്റെ അട്ടഹാസത്തിൽ മുങ്ങി. വിറച്ചു കുലുങ്ങുന്ന ഭൂമിക്കു മീതെ കാലുറക്കാതെ നിൽക്കുമ്പോൾ ഏടത്തിയുടെ കവിളിലെ ചുകപ്പിൽ കണ്ണുകൾ തറഞ്ഞു നിന്നു.

''ദാ ! ഇവിടെ. ആരാ മുൻപിലെന്നാ വിചാരം? എൻറീശ്വരാ, കല്യാണം കഴിഞ്ഞിട്ട് രണ്ട് മാസായിട്ടാണീവിധം!''.

തണുപ്പിൽ മുഖം ചുളിച്ചുനിൽക്കുന്ന വിരൽത്തുമ്പുകളിൽ തലോടി സ്വയം ആറാൻ ശ്രമിക്കുമ്പോൾ കവിളത്തെ ചുകപ്പും നുണക്കുഴികളും അടച്ച് ആഞ്ഞൊന്നു കൊടുക്കാവാനുള്ള കൈയിന്റെ തരിപ്പ് പൊട്ടിയൊഴുകാതിരിക്കാൻപാടുപെട്ടു.

''എന്താ മണീ?'' ചിരി മാഞ്ഞഗൌരവം. ഉൽക്കണ്ഠ,

''കുളി മുറി ഒഴിഞ്ഞോ ഏട്ത്തി?'' തലേന്നു രാത്രി പിന്നിയിട്ടഎണ്ണയില്ലാത്ത മുടിയുടെ തുമ്പ് വിടർത്തി. ''ഞാൻകുളിക്കട്ടെ''.

പുള്ളോവർ ഊരി സോഫയിലിട്ട് വാപൊളിച്ചു നിൽക്കുന്ന കണ്ണുകൾക്കു മുൻപിലൂടെ

ബാത്ത്റൂമിലേക്ക്നടക്കുമ്പോൾഅത്ഭുതം തോന്നി:അവരെങ്ങിനെചിരിക്കുന്നു ?

ഗീസറിന്റെ ടാപ്പിൽ നിന്നും വെള്ളത്തിനു പകരം ആലി വന്നു തുടങ്ങി. പെട്ടെന്നു പേടിച്ചു തിരിഞ്ഞപ്പോൾ കണ്ണുകളിൽ വിളറി നിന്ന വെള്ളം വേച്ചു വേച്ചൊഴുകി. താഴോട്ട്. ഉൾക്കൊള്ളാനാകാത്ത ഭംഗിയുള്ള മിനുത്ത മൊസേക്ഫ്ളൊറിലേയ്ക്ക്.

സ്വന്തം മാറിന്റെഅപരിചിതത്വം.കണ്ണാടിയിലെഅറപ്പിക്കുന്ന പ്രതിബിംബത്തിനെതിരെപുറംതിരിഞ്ഞു നിൽക്കുമ്പോൾ ജനലിലെ ചരിച്ചു വെച്ച കണ്ണാടിച്ചില്ലുകൾക്കിടയിൽ താഴെ കെട്ടിടങ്ങളുടെ നഖങ്ങൾക്കിടയിൽ ഞെരുങ്ങിപ്പിടയുന്ന റോഡ്.

തണുപ്പിൽ മരവിക്കുകയും ചൂടിൽ പൊള്ളിപ്പിടയുകയും ചെയ്യുന്ന റോഡ്.

മിനിറ്റിന്റെ അറുപത് സെക്കന്റിലും വേഷം മാറി ബാൽക്കണിയിൽ സ്വയം പ്രദർശിപ്പിക്കുന്ന പെൺകുട്ടിയുടെ പരുത്ത ശബ്ദത്തിനു താഴെ റോഡിൽ കൈകൊണ്ടുണ്ടാക്കിയ നാടൻ വീണയുടെ കമ്പികൾ വെറുതെ തേങ്ങി.

കനംകുറഞ്ഞ സാറ്റിൻ അടിപ്പാവാട, കൈയില്ലാത്ത ബ്ലൌസ്. മനുഷ്യന്റെ ബുദ്ധി പെരുപ്പിച്ചുകാട്ടിയ മാംസം. അതിനിടയിൽ നിരങ്ങിവീണ കുന്നിന്റെ ഒടവുകളിൽ വിരലോടിച്ചു മലർന്നുനിന്നു കോട്ടുവായിടുന്ന സിന്ധിത്തള്ളയുടെ പീളയടിഞ്ഞ കണ്ണുകൾ മങ്ങിയ സൂര്യനെതിരെ ഇടുങ്ങി, ചുകന്ന സാറ്റിൻപാവാടക്കുള്ളിലെ നഗ്നമായ പുറംഭാഗം കലുക്കി, ചായ ബാൽക്കണിയിലെത്തിക്കാത്തിനു വേലക്കാരിയെ തെറിവിളിക്കുമ്പോൾസംശയം തികട്ടി. എപ്പോഴാണ് രാവിലെ ?

വെളിച്ചത്തെ നിലവിളക്കു കൊളുത്തി ആനയിക്കുന്ന വീട്ടിന്റെ ഉമ്മറപ്പടിയിൽ ഉറക്കവും ഇരുട്ടും ഒപ്പം വന്നെത്തുമ്പോൾ മരയഴികളിൽ പിടിച്ച് നക്ഷത്രങ്ങളെ നോക്കി നിന്നു. അവയേക്കാൾ മനോഹരമായി ചിരിച്ചു. മറന്നു പോയ ചിരി. നീണ്ട കവുങ്ങുകൾക്കു മുകളിൽ മലർന്നു കിടന്ന നിലാവിന്റെ കോരിത്തരിപ്പു തന്റേതായിരുന്നു. കാറ്റുമ്മ വെക്കുമ്പോഴും ചിനുങ്ങുന്ന തൊട്ടാവാടികൾക്കപ്പുറത്ത്, വരമ്പിൽ, മുടി വളരാൻവേണ്ടി, സീതപ്പുല്ലിൽ കെട്ടിയിട്ട ചെറിയ കെട്ടുകളിൽ തത്തകൾ കൊക്കരുമ്മുമ്പോഴും താനൊറ്റയായിരുന്നില്ല. ചെമ്പരുത്തിയും കാശിത്തുമ്പയും കഥപറഞ്ഞുതരുമ്പോഴും ഞാനെനിക്കു നഷ്ടപ്പെട്ടില്ല.

മറ്റുള്ളവർക്കൊപ്പമെത്താൻവേണ്ടി കവിളിൽ തേച്ചു റൂഷിന്റെ ചുകപ്പിൽ നോക്കിനിന്നു പരിഭ്രമിച്ചു.
എവിടെ
ഞാൻ ?

മിനുങ്ങിയ ടേബിളിന്റെ പുറത്തെ കുപ്പിക്ക് ചുറ്റും രാത്രിയെന്ന സ്വന്തം സ്വപ്നത്തെ, ആശ്വാസത്തെ വലിച്ചുകീറുന്ന, സെക്രട്ടറിയുടെതുടയുടെവണ്ണംകൂടുതലാണെന്നസത്യംസൃഷ്ടിച്ചചിരിയുടെആഭാസത്തരം, ക്രൂരത,ചുമരിൽചാരിനിന്ന്ശ്രദ്ധിക്കുമ്പോൾ, തികട്ടിവരുന്നചളിപ്പ്.

ഛർദ്ദിയുടെ അവശിഷ്ടങ്ങൾ തുടച്ചുകളഞ്ഞ് രാത്രിയെന്ന പാതി നഷ്ടപ്പെട്ട സ്വന്തം സ്വപ്നത്തെ സമീപിക്കുമ്പോൾതടിച്ചപച്ചകർട്ടനുപുറത്ത്ആകാശംഅനുവാദമില്ലാതെകാത്തുനിൽക്കുകയാവും.

ഏകാന്തതയുടെ കൂടു പൊളിച്ച് അകത്തു കടന്നു, തന്റെ കണ്ണീരിൽ കുതിരുകയും ചിരിയിൽ വെളുക്കുകയും ചെയ്യുന്ന കൈ പതുക്കെ മേലിൽ നിന്നടരത്തി അകലുന്ന രാത്രിയെ പിടിച്ചു കെട്ടുന്ന വിഡ്ഢിത്തരം.

താൻ വക്കു തുന്നിയ ഈ മുണ്ടും തന്റെ കൈകൾക്കുതാഴെ ശാന്തമായുറങ്ങുന്ന ഈ മുഖവും നിഷ്കളങ്കതയും മിഥ്യകളാണ്. ചതിവിന്റെ ദുർഗന്ധം വായുവിൽ മണക്കുമ്പോൾ സ്വയം അപരിചിതയാകുന്നതിന്റെസുഖം.അടച്ചകൂടുംവിളറിച്ചിരിക്കുന്നകണ്ണുപൊട്ടിയനക്ഷത്രങ്ങളും മാത്രംസത്യം.

പച്ചയുടെ ജീവനില്ലാത്ത പുറത്തെ വായുവിൽ, മരണത്തിന്റെ തണുപ്പിൽ, ശ്വാസംമുട്ടിയ കണ്ണുകൾ തിരിക്കാൻ പേടിച്ചു. തന്റെശരീരത്തിനത്രഅടുത്ത്തന്റെതോൽവിപതിയിരിക്കുന്നു.

കണ്ണീരിന്റെനടുവിൽ ഉറക്കം ഒഴുകി.

''എന്തേതങ്കം?''

ഇരുട്ടിനോടു്, രാത്രിയോട് വെറുപ്പ്നുരകുത്തി. ചതിയന്മാർ.

ചുറ്റിയകൈകൾക്കുള്ളിൽക്കിടന്നു തേങ്ങലുകൾതല്ലിത്താഴ്ത്തുമ്പോൾതിരഞ്ഞു:എന്തിനായിരുന്നു ?

കങ്കുമം ചിരിക്കുന്ന നെറുകയിൽചുണ്ടുകൾവീണപ്പോൾഅടികൊണ്ടപാമ്പിനെപ്പോലെ പിടഞ്ഞു.

എന്നെ വെറുക്കൂ. ഒരിക്കൽ, ഒരിക്കലെങ്കിലും വെറുക്കുന്നെന്നുപറയൂ.

ചുറ്റിപ്പിടിച്ചകൈകൾകൂടുതൽമുറുകി. താലയിൽചുണ്ടുകൾ. കണ്ണനീർ മരവിച്ചുനിന്നു.

''പറയൂ.''ചാടിയെണീറ്റ് ചൂണ്ടിയ വിരലിനുനേരെ ബെഡ്റൂംലാമ്പിന്റെ വെളിച്ചത്തിൽകണ്ടമുഖത്തെ ചുളിവുകളിൽ പൂർണ്ണമായും തളർന്നുവീഴുമ്പോൾ മാറത്തെ രോമങ്ങളിൽ കുണുങ്ങിച്ചിരിച്ച കണ്ണീരിൽ വിരലോടിച്ചുചിരിച്ചു.

''ആരെ ?''

''വിന്തുനെ. എ...''

മനസ്സിലാകാത്ത,ആവരുതാത്ത വികാരങ്ങൾ.അലയുടെ നഖങ്ങൾആഴ്ന്നിറങ്ങുമ്പോഴാണ്എപ്പോഴും പുഴയിലാണെന്നോർമ്മവരുന്നത്.

പിടിച്ചു കിടത്തി നെറ്റിയിലെ വിയർപ്പൊപ്പി, മുഖത്തിനു മുകളിൽ രക്ഷാകവചം പോലെ നിന്ന കൈപ്പടത്തിനുമുകളിലെ നേർത്തചിരി.

''സ്വപ്നംകണ്ടോമണീ?''

''ഉം''ആശ്വാസം,വീണുകിട്ടിയ വള്ളിയിൽ മുറുകെപിടിക്കുമ്പോൾവീണ്ടും വിടർന്നചുണ്ടുകൾ.

''കുട്ട്യോള മാതിര്യന്നെ. പേട്യാത്രെ.''

കവിളിന്റെ നനുത്ത മിനുപ്പിൽ താടിയിലെ കുറ്റിരോമങ്ങൾ ശാസനയോടെ തലോടി. ''ഞാനിത്ര അടുത്തു കിടക്കുമ്പോഴോ!''

ഈനീറലിന്റെ മാധുര്യം എന്റെ ദു:ഖമാണ്,അവളോർത്തു. തോൽവിയുംതടവുമാണ്. രക്ഷപ്പെടൽഎന്ന മരിചീകയുടെ പ്രതിരൂപമാണ്.

മിനുത്ത മുടിയിഴകളിൽ വിതുമ്പി നീങ്ങുന്ന വിരലുകളിലെ കിനിവിനുതാഴെ തല മരവിക്കുമ്പോൾ കത്തിമുനപോലെപരാജയംആർത്തിരമ്പിതാണുമാംസംചീന്തിക്കീറുന്നശബ്ദംകേട്ടുകിടന്നു.

''ആര്യാ പേടിക്കണ്?''

വിഡ്ഢിത്തങ്ങൾ ആവർത്തിക്കാതിരിക്കുന്നത് ബുദ്ധിയുടെ രക്ഷണമാണ്. സ്നേഹമെന്ന അർത്ഥശൂന്യതയുടെ നിർവ്വചനങ്ങളിൽ തിരുപ്പിടിച്ച്കിടക്കുമ്പോൾ ഓർത്തു.അതിലേറെ ഒരുപക്ഷെആവശ്യം. ചുണ്ടിൽവെച്ചു മരിച്ചഅക്ഷരങ്ങൾക്കു മീതെഇരുമ്പുപലകയുടെആണിമുറുക്കുമ്പോൾഓർത്തു.ചതിവിന്റെ പ്രതിരൂപങ്ങളായേപുറത്തുവരൂഅശ്രീകരങ്ങൾ.

കുറ്റിത്താടിയിലെ രോമങ്ങളുടെതുമ്പിലെ മഞ്ഞുതുള്ളികളുടെസ്വാദ്. ''പൊട്ടിക്കുട്ടി.''

വെറുതെകിട്ടിയകിരീടം.

ഉറക്കത്തിന്റെ രക്ഷാകവചത്തിനുള്ള പണിപ്പെട്ട് സ്വയം കുത്തിത്തിരുകാനുള്ള പാടുപെടൽ, ധൃതി. പക്ഷെ ചാട്ട കാട്ടി പേടിപ്പിക്കപ്പെടാനിതുവരെ കഴിഞ്ഞിട്ടില്ലാത്ത ഉള്ളിന്റെ ചിരി, ഇന്നു വരെ നിനക്കുവേണ്ടിപ്പോലും വഴങ്ങിത്തന്നിട്ടില്ലാത്ത, എന്നെ ഇനിയും മനസ്സിലായില്ലേ എന്ന ഭാവത്തിനു നേരെ ഭയത്തോടെ,യാചനയോടെ, പ്രതീക്ഷയോടെ,കാത്തുനിന്നു.

പക്ഷെ തോൽവി ഒരിക്കലുംഎന്നെഅനാഥയാക്കിയില്ല.

അമർഷം. പാമ്പുവിഷം പോലെ പതുക്കെ പടർന്നു സിരകളിൽ. രോമകൂപങ്ങളിൽ പൊടിഞ്ഞ ചോരത്തുള്ളികളിൽസ്വയംചതിച്ച മുഖം.

വരുത്തിക്കൊത്തിക്കാനുള്ള പാമ്പിനെ തേടി എത്തുന്നത് തുടങ്ങിയിടത്ത്. കാലിൽ വെളുത്ത ഉറകളപോലുംതടഞ്ഞില്ല. മുൻപിൽനീണ്ടുകിടന്നകാലടിപ്പാടിൽനിറഞ്ഞനിരാശയിൽസ്വന്തംസംഭാവകൂടി.

മുൻപ്രേതങ്ങളുടെ തപ്തനിശ്വാസങ്ങൾക്കുതാഴെ പാമ്പിഴഞ്ഞ വരകൾപോലും വഴിയെ പോറലേൽപ്പിച്ചില്ല.കാലടികൾമാത്രം മുഖംചവപ്പിച്ചെതിരേറ്റു. പുച്ഛത്തോടെ.

മാറിലെ തുടർച്ചയില്ലാത്ത രോമങ്ങളിൽ മുഖമമർത്തികണ്ണടച്ചുനീണ്ടശ്വാസങ്ങളിൽ ഉറക്കമെന്നവ്യാജം.

ഉറക്കമുണരാതിരിക്കാൻ ശ്രദ്ധിച്ചു, കാൽപ്പടം കൊണ്ടു നീക്കിയെടുത്ത പുതപ്പ് കഴുത്തുവരെ നീട്ടിയിടുവിക്കുമ്പോൾ,ചന്തമുള്ള ആ ചൂടിൽക്കിടന്നുവരാനിരിക്കുന്ന പകലെന്ന രാത്രിയുടെ മരവിപ്പിക്കുന്ന തണുപ്പിനെവീണ്ടുംസ്വപ്നംകാണാൻതുടങ്ങിയിരുന്നു.

എത്താത്ത ഉയരത്തിൽ കേറ്റിവെച്ച ടൂത്തുപോസ്റ്റിനുവേണ്ടി അലറിവിളിക്കുന്ന അഞ്ചുവയസ്സുകാരി. കൊടുക്കാനെടുത്ത ട്യൂബ് ധൃതിയിൽ തട്ടിപ്പറിച്ച്, ''താങ്ക്യൂആൺടീ.''

പുറത്തുവന്ന പേസ്റ്റിൽ തറഞ്ഞിരുന്ന കുഞ്ഞിക്കണ്ണുകളിലെ സന്തോഷത്തിനുതാഴെ നന്ദിപറഞ്ഞ തൊണ്ട വിരക്തിയോടെ നിന്നു. തന്റെ ഭാഗം കഴിഞ്ഞിരിക്കുന്നു. നിമിഷങ്ങൾക്കുമുൻപ് ചലിച്ചു മരിച്ചുനിൽക്കുന്ന ആ യന്ത്രത്തിൽനിന്നു കണ്ണുകൾ അടർത്താനാവാതെ നിന്നപ്പോഴാണ് പേസ്റ്റിന്റെ ട്യൂബ് ചോർന്നുപോയിട്ടുംകയ്യിലെ മടക്കാത്തവിരലുകളെപെട്ടെന്നോർത്തത്.

റൊട്ടിക്ക് മുകളിൽ വെണ്ണയിട്ട് വായിൽ കൊടുത്തപ്പോഴും കുടിക്കാനുള്ള വെള്ളം ബോട്ടിലിലാക്കി കയ്യിൽ കൊടുത്തപ്പോഴും പല്ലിന്റെ മുനകൾ മുറിപ്പെടുത്താത്തചുകന്നതൊണ്ണുകളിൽനന്ദി.

അച്ഛന്റെ വീട്ടിന്റെ വലിയ മുറ്റത്ത് പവിഴമല്ലിപ്പൂക്കൾ വാടിക്കിടന്നിരുന്നു. തൊട്ടാലുതിരുന്ന ഗന്ധമില്ലാത്തവാട്ടപൂക്കൾ.

നാപ്കിനുംസ്പൂണും ഇല്ലാതെ സ്വർണ്ണദ്രാവകങ്ങൾക്ക് നടുവിലിരുന്ന് കൈകൊണ്ടു തോണ്ടിയെടുത്ത വെണ്ണപുരട്ടിവിരൽനക്കിയതിനുമീതെചുകന്നജീരകവെള്ളംശബ്ദത്തോടെ മോന്തുമ്പോൾആശ്വാസം.

കുട്ടികളുടെ ആദ്യം പരിഭ്രമിച്ച, പിന്നെ കളിയാക്കുന്ന നോട്ടങ്ങൾ നന്ദിയേക്കാൾ ധൃതിയിൽ എല്ലായിടത്തുംവീണു.

‘‘ഛീ!ആൺടിഹാസിന്റ്ഗോട്ട്എനിമാനേഴ്സ്?’’

‘‘താങ്ക്യൂ.’’

കൂട്ടച്ചിരി. വായിൽ കയ്യിട്ട് പല്ലിനിടയിൽ കുരുങ്ങി നിൽക്കാത്ത ജീരകം തപ്പിയെടുത്ത് ചവയ്ക്കുമ്പോൾ ചിറികൾ കറുത്തു. കവിളുകളുടെ വെളുത്ത മണൽത്തട്ടിൽ ഊറിക്കൂടിയ ചളിക്കട്ടകൾപോലെ വെറുപ്പ്. അറപ്പ്.

കുറ്റപ്പെടുത്തുകയും ഇഷ്ടപ്പെടുകയും ചെയ്യാതെ നിർവ്വികാരമായകാണിയെപ്പോലെ തൊട്ടടുത്ത്.

സ്പൂണും ഫോർക്കും ഭക്ഷണം മതിയാക്കിയെന്ന അർത്ഥത്തിൽ തിരിച്ചുവെച്ച് വാട്ടർബോട്ടിൽ അവജ്ഞയോടെ തിരക്കിയെടുത്ത് രക്ഷപ്പെടുന്ന പതിനൊന്നുകാരി വാഷ്ബേസിനിൽ കാർക്കിച്ചുതുപ്പി. മാറാത്തവിശപ്പിന്റെതുടുപ്പ്കവിളത്ത്. വെറുപ്പ് നീണ്ടചുണ്ടിൽ,കുഞ്ഞിചുണ്ടിൽ.

‘‘അങ്കിളെന്തിനാ ഇങ്ങനത്തെ ആൺടിയെ കൊണ്ടു വന്നത് ? ഷി ഡസിന്റ നോ എനി മാനേഴ്, ബ്ളഡി ഫൂൾ.അല്ലേഅങ്കിൾ?’’

വയറിന്റെ തീരാത്ത ചുളിവുകളിൽ ആദികാലം തൊട്ടിന്നുവരത്തെ കയ്യൂക്കിന്റെ ശാസ്ത്രത്തിനെതിരെ വിയർപ്പിന്റെ ഫലമില്ലാത്ത കണ്ണീരുമായി കൈനീട്ടിയ കണ്ണുപൊട്ടന്റെ കയ്യിൽ നാരങ്ങയുടെ ഈമ്പിച്ചപ്പിയ അല്ലികളും മുന്തിരിക്കുരുക്കളും ദയയോടെ കൊടുക്കുന്ന പെൺകുട്ടി. ഒഴിഞ്ഞനാരങ്ങാത്തോട് മുഖത്തുതന്നെ തിരിച്ചെത്തിയപ്പോൾമാനേഴ്സില്ലാത്തവന്റെ മട്ടിൽ കോമ്പസ്സിന്റെ മുന താഴ്ത്തി ഓടുന്ന കുട്ടി ഓർമ്മിപ്പിച്ചു. തെറ്റുകൾആവർത്തിക്കരുത്.ബാൽക്കണിയിൽ മലർന്നുനിന്ന്അമ്മസാരികടിച്ചമർത്തിചിരിച്ചു.

ഓർമ്മയുടെചതുപ്പുകളിൽസ്വപ്നസ്പർശമേൽക്കാതെപടംവിടർത്തിക്കിടന്നുഅത്.

‘‘കുറച്ചു ദിവസംകഴിയട്ടെ.ആൺടിഎല്ലാം പഠിക്കും.’’വാതിൽക്കൽ.ബർത്തുഡേസ്വീറ്റ്സ്തരാൻവന്ന പതിനാലുകാരന്റെനിഴലിനുതാഴെആൺടിഅലിഞ്ഞു.ഓടിയെത്തിയവാതിൽക്കൽ ഒരുനിമിഷം പ്രതിമ.നീണ്ടു ചുവന്നവിരലുകൾവീതിയുള്ളബൽട്ടിൽകൊളുത്തി.

‘‘യൂലുക്ക്ഗ്രാന്റ്!’’

‘‘താങ്ക്യൂ.’’

‘‘താങ്ക്യൂ. തൌസന്റ് റിട്ടേൺഡ് ഓഫ് ദി ഡെ.’’ വല കുറഞ്ഞ ചോക്കലെറ്റിനു മീതെ പറ്റിക്കിടന്നു തിളങ്ങുന്നകടലാസ്സിൽകണ്ണുകൾ.

ആരെന്ന ചോദ്യത്തിനുത്തരം. ‘‘ ആ മങ്കി ബ്രാന്റ് മണുക്കൂസ്. ‘തൌസന്റ് റിട്ടേൺസ്’ പറയാൻ നാവിനല്ലെ
ചെലവുള്ളു!’’.

തനിച്ചു കട്ടിലിൽ. സോക്സ് ഇടീച്ചു. എണീക്കാതെ കൈത്തണ്ടകൊണ്ട് കണ്ണുമറച്ച് കിടക്കുന്നതിനരികെകയ്യിൽഷർട്ടുമായികാത്തു നിന്നു.

നിശ്ശബ്ദതതലയ്ക്കുപിടിച്ചപ്പോൾ തൊണ്ടഞെരുങ്ങി.

‘‘എന്തേ ? എന്താഇന്ന്?’’

‘‘അങ്ങോട്ടാണ്അതേചോദ്യം.’’ കൈത്തണ്ടവലിച്ചെടുത്ത്എഴുന്നേറ്റു. ‘‘എന്താനിനക്ക്?’’

‘‘ഷർട്ടിടൂ. വണ്ടി തെറ്റും.’’

‘‘പറഞ്ഞിട്ടു മതി.’’

‘‘പത്തുമിനിറ്റേയുള്ളു.എണീക്കൂ.

കൈയിൽ ഊക്കിൽ കൊണ്ടു തട്ട്. ഹാങ്ങറിനോടൊപ്പം തെറിച്ച ഷർട്ട് അകലെ കുരുക്കഴിയാത്ത ന്തുലാമാലപോലെ മൂലയിൽചുരുണ്ടുകിടന്നു.

കത്തിപ്പടരുന്നതിനു മുൻപെ കൂട്ടിത്തിരുമ്മി. നാളങ്ങൾ ചത്തു. കനലുകൾ തണുക്കാതെ നീറി. കബേഡിന്റെ ഇരുളിൽ വെളുത്ത ഷർട്ടുകളുടെ ചിരി കണ്ടപ്പോൾ തിരിഞ്ഞുനിന്നു വീണ്ടും. ഓർമ്മകളുടെ അനാഥപ്രേതങ്ങൾ, തോൽവിയുടെബലഹീനതയുടെശാപങ്ങൾ.

‘‘ഇടൂഷർട്ടിടൂവിനൂ.’’

‘‘ഇന്നല്ല. ഇന്നലെയുമല്ല തുടങ്ങിയിട്ട് കുറച്ചുനാളായി. താൻമാത്രം ബുദ്ധിശാലി. മറ്റുള്ളവരൊക്കെ വിഡ്ഢികളും.

ചുറ്റുമുള്ളവർക്കും കണ്ണുകളുണ്ടെന്നത്. കാണാൻപറ്റിയ കണ്ണുകളുണ്ടെന്നത് മറക്കരുത്.

ഹാങ്ങറിൽ നിന്നെടുക്കാത്ത ഷർട്ട് കബേഡിൽത്തന്നെ കൊളുത്തി. ബാൽക്കണിയിൽ പൊടി നിറഞ്ഞ വെളിച്ചമുണ്ട്.

കരയിൽനിന്നും വിഷം കലർത്തിയ വെള്ളത്തിലേയ്ക്കു പിടഞ്ഞെത്തിയ മീൻ ആർത്തിയോടെ വായ പൊളിച്ചു.

ചുവട്ടിലെ ശൂന്യമായ സിമന്റു മുറ്റത്തിന്റെ പരുപരുപ്പിൽ ഒറ്റപ്പെട്ട തുരുത്തുപോലെ ഗായകൻ. ചുറ്റും വല നെയ്തബാൽക്കണിയുടെ പൊള്ളുന്ന കമ്പികളിൽ കവിളമർത്തി നിന്നപ്പോൾഅപരിചിതമായ ഭാഷയിലെ

വാക്കുകളുടെഗായകനുമറിഞ്ഞുകൂടാത്തഅർത്ഥംപെട്ടെന്നുപിടികിട്ടി.

നാലാമത്തെ നിലയിൽനിന്നും താഴേയ്ക്കെറിഞ്ഞ ഉടഞ്ഞ ഗ്ലാസ്സിന്റെ കഷണങ്ങൾ കമ്പികളിൽ ചിതറിയ ചെതുമ്പലുകളെപ്പോലെ മിനുങ്ങിക്കിടന്ന കുപ്പിച്ചില്ലുകൾ പെറുക്കിക്കളഞ്ഞു പൊട്ടിയ കമ്പികൾ കൂട്ടിയിണക്കുമ്പോൾവീണകരഞ്ഞു.

ചുമലിൽ, മുടിയിൽ,കവിളിൽ തോൽവിയുടെസ്പർശം..ചുറ്റിയ കൈത്തണ്ടയ്ക്കുമുന്നിലെ മിനുത്തവയറിൽ ബലമുള്ള വിരലുകൾ വികൃതി  കാട്ടുമ്പോൾ രക്ഷപ്പെടാനാകാത്ത ഭൂതകാലത്തിന്റെ തേങ്ങൽ. ‘‘എന്താ മണി വേണ്ട്?’’

വിദ്യുത്ശലാകുപൊലെ നിസ്സഹായത സിരകളെ മരവിപ്പിക്കുമ്പോൾ, പാറയിടുക്കിൽനിന്നും സമതലത്തിലേക്ക്അലറിക്കുഴഞ്ഞുവീണനദിമോഹാലസ്യത്തോടെകരഞ്ഞു:

--എനിക്കതുവേണം. ആ വീണ.